# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3460 08.11.19- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ബഹുനില മന്ദിരങ്ങൾ, ഓഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവക്ക് അന്തിമാനുമതി നൽകുന്നതിന് മുമ്പായി സ്ട്രക് ചറൽ എഞ്ചിനീയർ കെട്ടിടത്തിന്റെ ഉറപ്പ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന വച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ)<br>&<br>(ബി) | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011-ലെ ചട്ടം 115(1)-ൽ 16 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സ്ട്രക് ചറൽ എഞ്ചിനീയറിങ്ങിൽ പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഡിഗ്രിയുള്ള registered എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്ട്രക് ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് സ്ട്രക് ചറൽ ഡിസൈൻ സഹിതം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999-ലെ ചട്ടം 120-ൽ 16 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം registered എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്ട്രക് ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ/2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 44(8)(iv), ചട്ടം 81(9) പ്രകാരം അസംബ്ലി ഗണത്തിൽപ്പെട്ട |
| (ബി) | നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ ഇപ്രകാരം സ്ട്രക് ചറൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലെ കെട്ടിടനിർമ്മാണ ചട്ടത്തിൽ ഉണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | High rise കെട്ടിടങ്ങൾക്കും അനുമതി ലഭ്യമാക്കുന്നതിന് സ്ട്രക് ചറൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം നല്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. |
| (സി) | ജനങ്ങൾക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അവബോധം വളർത്താൻ ചട്ടങ്ങൾ മനസ്സിലാകുന്ന വിധത്തിൽ വേണ്ടത്ര ലഘുവാക്കി പബ്ലിഷ് ചെയ്യുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രധാന കെട്ടിട നിർമ്മാണ ചട്ടങ്ങൾ സാധാരണക്കാരന് മനസ്സിലാകുന്ന വിധത്തിൽ മലയാളത്തിൽ തയ്യാറാക്കി നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ